# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/12/2022.

1. മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകരെ ആദരിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് **സംസ്ഥാന കർഷക അവാർഡ് 2021 സംസ്ഥാനതല പുരസ്കാര വിതരണം** ഇന്ന് (ഡിസംബർ 07-ന്) വൈകുന്നേരം 3.30-ന് മസ്കറ്റ് ഹോട്ടലിൽ വട്ടിയൂർക്കാവ് എം.എൽ.എ അഡ്വ. വി.കെ പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. മികച്ച ക്ഷീര കർഷകൻ, വാണിജ്യാടിസ്ഥാനത്തിലെ മികച്ച കർഷകൻ, സമ്മിശ്ര കർഷകൻ, വനിതാ കർഷക, യുവകർഷകൻ എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്.

2. ശ്രീകാര്യം, ഐ.സി.എ.ആർ. - കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ഇന്ന് (ഡിസംബർ 7) കിഴങ്ങുവിളദിനം ആഘോഷിക്കുന്നു. ഇതിനോടനുബന്ധിച്ച് കർഷക സംഗമം, ശാസ്ത്ര-കർഷക സംഗമം, പുരോഗമന കർഷകരെ അനുമോദിക്കൽ, ഫീൽഡ് സന്ദർശനം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

3. റബ്ബർതോട്ടങ്ങളിലെ തേനീച്ചക്കോളനികളുടെ പരിപാലനത്തെക്കുറിച്ചും തേൻ വിളവെടുപ്പിനുവേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ചും അറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് തേനീച്ചവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തിവരുന്ന തേനീച്ചവളർത്തൽ കോഴ്സിൽ പരിശീലകനുമായ ബിജു ജോസഫ് ഇന്ന് (ഡിസംബർ 7) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622.**

4. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടത്ത് പ്രവർത്തിക്കുന്ന NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പരിശോധനകളും വെള്ളത്തിലെ IS 10500 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പരിശോധനകളും കാലിത്തീറ്റയിലെയും അസംസ്കൃത വസ്തുക്കളിലെയും BIS പ്രകാരമുള്ള എല്ലാ പരിശോധനകളും ലാബിൽ ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ അണുഗുണ നിലവാര പരിശോധനകളും കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുന്നു. എല്ലാ പരിശോധനകൾക്കും ഗവൺമെന്റ് അംഗീകൃത ഫീസ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഊടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് **0471– 2440074, 9495592514** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. റബ്ബർബോർഡിന്റെ ഇലക്ട്രോണിക് ഡേറ്റ പ്രോസസിങ് ഡിവിഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി 'പ്രോഗ്രാമർ' തസ്തികയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ ബി.ടെക് (കംപ്യൂട്ടർ / ഐ.ടി.) ബിരുദമോ എം.സി.എ. ബിരുദമോ ഉള്ളവരും ഒരു വർഷത്തെ പ്രവൃത്തിപരിചയം ഉള്ളവരും ആയിരിക്കണം. കോട്ടയത്ത് റബ്ബർബോർഡ് കേന്ദ്ര ഓഫീസിലെ ഇലക്ട്രോണിക് ഡേറ്റ പ്രോസസിങ് ഡിവിഷനിലെ രണ്ട് ഒഴിവുകളിലേക്കാണ് നിയമനം. താൽപര്യമുള്ളവർ 2022 ഡിസംബർ 28-ന് രാവിലെ 10 മണിക്ക് ഡെപ്യൂട്ടി ഡയറക്ടർ, ഇ.ഡി.പി. ഡിവിഷൻ മുമ്പാകെ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in. സന്ദർശിക്കുക.

6. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയ്പ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ചോപ്പിംഗ് മെഷീൻ ഡിസംബർ 09-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. താൽപര്യമുള്ളവർ ലേല സമയത്തിന് മുമ്പായി ആയിരം രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:** piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


8. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിക്കുന്ന കെപ്കോ കേരള ചിക്കൻ (ചിൽഡ്-ഫ്രഷ്, ഫ്രോസൺ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും) വിൽപ്പന നടത്തുന്നതിന് കൊല്ലം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഡിസംബർ 09**-ന് മുമ്പ് മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ **9495000921** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

9. കേരള കാർഷിക സർവ്വകലാശാല, വിജ്ഞാനവ്യാപനവിഭാഗത്തിന്റെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയിൽ വെച്ച് **ശുദ്ധജല മത്സ്യകൃഷി** എന്ന വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **0487–2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 13,14 തീയതികളിൽ പശു വളർത്തൽ, 16, 17 തീയതികളിൽ ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

11. ക്യാബേജ്, കോളിഫ്ളവർ എന്നിവ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മഴയില്ലെങ്കിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഇവയുടെ ഭക്ഷ്യ യോഗ്യമായ ഭാഗം രൂപപ്പെട്ട് വരുന്നത് വരെ ആവശ്യാനുസരണം ജലസേചനം നടത്തേണ്ടതുണ്ട്. കോളിഫ്ളവറിന്റെ ഭക്ഷ്യ യോഗ്യമായ ഭാഗം (കർഡ്) വന്ന് തുടങ്ങുന്നതിനനുസരിച്ച് ഇലകൾ കൂട്ടിക്കെട്ടി കർഡിനെ പൊതിയേണ്ടതാണ്. നേരിട്ട് സൂര്യപ്രകാശം ഏറ്റ് കർഡിന്റെ നല്ല ദൃഢതയും തൂവെള്ള നിറവും നഷ്ടപെടാതിരിക്കാനായും കീടങ്ങളുടെ ഉപദ്രവം ഒഴുവാക്കുന്നതിനായും കർഡ് പകുതി മൂപ്പെത്തുമ്പോൾ ചുറ്റുമുള്ള 3-4 ഇലകൾ കൊണ്ട് പൊതിഞ്ഞു കൂട്ടിച്ചേർത്ത് കെട്ടി കൊടുക്കേണ്ടതാണ്.